(ജി) ഉണ്ട്.

(എച്ച്) ഡെസ്ക് ടോപ്പ് പബ്ലിഷിംഗ് (ഡി.ടി.പി) ഡേറ്റാ എൻട്രി ഓപ്പറേഷൻസ് എന്നീ കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.

(ഐ) പരിശീലനത്തിനായി തെരഞ്ഞടുക്കപ്പെടുന്നവർക്ക് 8 കി.മീ. ഉള്ളിൽ താമസിക്കുന്നവർക്ക് പ്രതിമാസം സ്റ്റൈപ്പന്റായി 100 രൂപയും 8 കി.മീ. പുറത്തുള്ളവർക്ക് 400 രൂപയും നൽകി വരുന്നു. ഒന്നോ അതിലധികമോ ദൈർഘ്യമുള്ള കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 5% സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

## ജലസേചനവകുപ്പിലെ ടെണ്ടർ നിബന്ധനകൾ

17 (*636)<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> :

<u>ശ്രീ. ടി.എം. ജേക്കബ്</u> :

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പി, സിമന്റ് തുടങ്ങിയ നിർമ്മാണ സാമഗ്രികൾ സുലഭമായി കിട്ടാൻ ബുദ്ധിമുട്ട് വന്നതുകൊണ്ടും വില വളരെ കൂടുതൽ നല്കേണ്ടി വന്നതു കൊണ്ടുമാണോ ആദ്യകാലത്ത് ഡിപ്പാർട്ടുമെന്റ് തന്നെ നിർമ്മാണ പ്രവർത്തനത്തിന് പ്രസ്തുത സാധനങ്ങൾ നല്കി വന്നിരുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ജലസേചനവകുപ്പും പൊതുമരാമത്തും വകുപ്പും ഒരു വകുപ്പിന്റെ കീഴിലായിരുന്നകാലത്ത് നിർമ്മാണപ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുമ്പോൾ ഡിപ്പാർട്ടുമെന്റിന്റെയും കരാറുകരാന്റെയും ഉത്തരവാദിത്വങ്ങൾ എന്തായിരുന്നു എന്ന് എഗ്രിമെന്റിൽ പ്രതിപാദിക്കാറുണ്ടായിരുന്നോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ജലസേചനവകുപ്പിൽ ഇപ്പോൾ ടെണ്ടർ സംബന്ധമായി തുടർന്നുവരുന്ന രീതികൾ എന്തെല്ലാമാണ്.?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> :

(എ) കമ്പി, സിമന്റ് മുതലായവ പൊതുമാർക്കറ്റിൽ സുലഭമാക്കി ലഭിച്ചാലും അവയുടെ ഗുണനിലവാരം നിർദ്ദിഷ്ടപ്രകാരം ഉപയുക്തമാക്കാൻ ഉള്ള സംവിധാനം കുറവായതിനാൽ ആദ്യകാലഘട്ടങ്ങളിൽ പ്രസ്തുത സാമഗ്രികൾ സർക്കാർ തന്നെ നേരിട്ട് എടുത്ത് കരാറുകാർക്ക് കൊടുക്കുകപതിവായിരുന്നു. മാത്രമല്ല, ആ കാലഘട്ടത്തിൽ കമ്പിയുടെയും സിമന്റിന്റെയും വിലയ്ക്ക് നിയന്ത്രണവുമുണ്ടായിരുന്നു. അവ സർക്കാർ നേരിട്ട് വാങ്ങിയാൽ പണികളുടെ മൊത്തം അടങ്കൽ തുകയിൽ വളരെ കുറവുണ്ടാകുമായിരുന്നു.

(ബി) ജലസേചനവും പൊതുമരാമത്തു വകുപ്പും ഒറ്റ വകുപ്പായിരുന്ന കാലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുമ്പോൾ ഡിപ്പാർട്ടുമെന്റിന്റെയും കരാറുകാരന്റെയും ഉത്തരവാദിത്വങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് എഗ്രിമെന്റിൽ പ്രതിപാദിക്കാറുണ്ടായിരുന്നു. ഈ ഡിപ്പാർട്ടുമെന്റുകൾ രണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യിരത്തിനുശേഷവും ഈ രീതി തന്നെ തുടരുന്നു. കരാറിന്റെ ഒരു മാതൃക അനുബന്ധമായി കൊടുത്തിട്ടുണ്ട്.†.

(സി) ജലസേചന വകുപ്പിൽ ഒരു പണി ആവശ്യമായി വരിക യാണെങ്കിൽ ആ പണി നടത്തേണ്ട സ്ഥലത്തിന്റെ അധികാരപരിധിയിൽ വരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ അടങ്കൽ തുക തയ്യാറാക്കുകയും അവ മേൽ ഉദ്യോസ്ഥന്മാർക്ക് നൽകുകയും അവരവരുടെ അധികാരപരിധിയിൽ നിർത്തി വേണ്ടുന്ന ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭ്യമാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പണികൾ പി.ഡബ്ല്യു.ഡി. മാനുവ ലിലും കോഡിലും പ്രതിപാദിക്കുന്ന പ്രകാരം ഏറ്റെടുത്ത് ചെയ്യുകയുമാണ് ഇന്നത്തെ രീതി. കരാറുകാർ ദർഘാസ് നല്കിയാൽ അവ സൂക്ഷ്മപരി ശോധനയ്ക്ക് വിധേയമായി വകുപ്പിന്റെയോ, സർക്കാരിന്റെയോ അനുമതിക്ക് വിധേയമായി കരാറുകാരെക്കൊണ്ട് പണി ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ഇന്നത്തെ രീതി, നിലവിലുള്ള നിയമവ്യവസ്ഥകൾക്കനുസരണമാണ് പണി കൾ നടപ്പിലാക്കുന്നത്.

മേൽ സൂചിപ്പിച്ചത് കൂടാതെ 100 ലക്ഷം രൂപയിൽ കൂടുതൽ അടങ്കൽ തുകയ്ക്കുള്ള പണികൾക്കും സാങ്കേതിക പ്രാധാന്യമുള്ള ചില പണികൾക്കും പ്രീ ക്വാളിഫിക്കേഷൻ മുഖേന കരാറുകാരെ അവരുടെ പ്രവർത്തനപരിച യവും സാമ്പത്തിക കഴിവും കണക്കാക്കി തെരഞ്ഞടുത്ത് 'ഡബിൾ കവർ' സിസ്റ്റത്തിൽ മത്സരാടിസ്ഥാനത്തിൽ കരാർ നൽകാനുള്ള ഒരു സംവിധാനവും ഇറിഗേഷൻ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്.

**സ്വാശ്രയ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ**

18 (*637)ശ്രീ. എം. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. വർഗ്ഗീസ് വൈദ്യർ :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടിക ജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് എന്തെ ങ്കിലും ആനുകൂല്യങ്ങൾ സർക്കാർ നൽകി വരുന്നുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഐ.എച്ച്.ആർ.ഡി.ഇ എൽ.ബി.എസ്സ് എന്നീ സ്വാശ്രയസ്ഥാപനങ്ങളിൽ പഠനം നടത്തുന്ന പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.എച്ച്.ആർ.ഡി.ഇ. എൽ.ബി.എസ്. എന്നീ സ്ഥാപനങ്ങളിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചെന്ന് കണക്കാക്കി യിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ചിട്ടുള്ള എല്ലാ സ്വാശ്രയസ്ഥാപനങ്ങളിലും ഐ.എച്ച്.ആർ.ഡി.ഇ.-എൽ.ബി.എസ് എന്നീ

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly